പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2151 | 06/02/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ശർക്കരയിൽ അർബുദത്തിന് കാരണമായേക്കാവുന്ന നിറങ്ങളും രാസവസ്തുക്കളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ശർക്കരയിൽ അർബുദത്തിന് കാരണമായേക്കാവുന്ന നിറങ്ങളും രാസവസ്തുക്കളും ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് വിൽക്കുന്ന ശർക്കരയിൽ കൃത്രിമ നിറങ്ങൾ ചേർക്കുന്നതായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; | ബി) | 'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന നടത്തിവരുന്നു. |
| സി) | ഇത്തരം ശർക്കരയുടെ വിപണനം തടയാൻ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാ ക്കുമോ? | സി) | 'ഓപ്പറേഷൻ പനേല'-യുടെ ഭാഗമായി സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി മായം കലർന്നതാണ് എന്ന് കണ്ടെത്തിയ ശർക്കരകൾ വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ അന്യസംസ്ഥാനത്ത് നിന്നും കൊണ്ട് വരുന്ന മായംകലർന്ന ശർക്കര തടയുന്നതിനായി തമിഴ്നാട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ